കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - എഴുകോൺ ഗ്രാമപഞ്ചായത്ത് - പബ്ലിക് മാർക്കറ്റിന് സമീപമുള്ള പ്രദേശം ഇന്റർ ലോക്ക് പാകിയതിന്റെ തുക നൽകുന്നതിനുള്ള പ്രത്യേക അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 606/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 03.03.2018

വായന :-

1. എഴുകോൺ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.10.2017-ലെ പി1- 45/17 നമ്പർ കത്ത് .
2. തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 05.02.2018 ലെ ഡിബി3-753/13/സി.ഇ/തസ്വഭവ നമ്പർ കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 1701/2018-ലെ 4.43, 06/02/2018-ലെ 2.2(4.43) നമ്പർ തീരുമാനങ്ങൾ.

## ഉത്തരവ്

എഴുകോൺ ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്ന പബ്ലിക് മാർക്കറ്റിന് മുൻവശത്ത് കൂടി കടന്നു പോകുന്ന പാങ്ങോട് ശിവഗിരി റോഡ് റീടാർ ചെയ്ത വേളയിൽ ഉയരം കൂടിയതിനാൽ മാർക്കറ്റിലെ മാലിന്യം ഒഴുകി പഞ്ചായത്ത് ഓഫീസിന്റെ പരിസരത്തും സമീപമുള്ള ക്ഷേത്ര മുറ്റത്തും എത്തുകയും, അത് മൂലമുണ്ടായ ജനങ്ങളുടെ പ്രക്ഷോഭം കണക്കിലെടുത്ത് പ്രവൃത്തിയുടെ നിർവഹണവുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ പൂർത്തീകരിക്കാതെ 175.5 ച.മീറ്റർ വിസ്തീർണ്ണത്തിൽ പ്രസ്തുത പ്രദേശം ഇന്റർ ലോക്ക് ചെയ്തിട്ടുണ്ടെന്നും അടിയന്തിര ഘട്ടത്തിൽ മറ്റു മാർഗമില്ലാതെ ചെയ്തുപോയ ടി പ്രവൃത്തിയുടെ ബിൽ തുകയായ 1,50,000/- രൂപ നൽകുന്നതിനുള്ള അനുമതിക്കായി മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം എഴുകോൺ ഗ്രാമപഞ്ചായത്ത് അഭ്യർത്ഥിച്ചിരുന്നു.

2) മുകളിൽ രണ്ടാമതായി വായിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06.02.2018 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. പ്രസ്തുത യോഗത്തിന്റെ 2.2(4.43) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ തുക നൽകാൻ എഴുകോൺ ഗ്രാമപഞ്ചായത്തിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, എഴുകോൺ ഗ്രാമപഞ്ചായത്ത്

എക്സിക്യൂട്ടീവ് ഡയറക്ടർ. ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ. കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്. തിരുവനന്തപുരം
ചെയർമാൻ. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (റൂറൽ) പി.എയ്ക്ക്

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ